സ്നേഹിക്കുന്ന ദൈവം

(1 യോഹന്നാൻ 4: 7–12)

ഇവിടെ പരസ്പരസ്നേഹം ദൈവൈക്യത്തിന്റെ മാനദണ്ഡമായും ദൈവം സ്നേഹമാണ് എന്നത് അതിനടിസ്ഥാനമായും എടുത്തുപറയുന്നു. യോഹന്നാൻ ശ്ലീഹാ ദൈവത്തിനു കൊടുക്കുന്ന നിർവ്വചനങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് 'ദൈവം സ്നേഹമാണ്' എന്നുള്ളത്. ദൈവത്തിന്റെ ത്രിത്വാത്മക അസ്തിത്വത്തെ സൂചിപ്പിക്കുന്ന ഒന്നാണ് ഈ നിർവചനം. സ്നേഹം സ്വയംദാനമുൾക്കൊള്ളുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും പരസ്പരം നല്കിക്കൊണ്ടുള്ള ഒരു നിത്യബന്ധത്തിലാണ് എന്ന് ഈ നിർവ്വചനം സൂചിപ്പിക്കുന്നു. പരസ്പരം നല്കുന്ന ദൈവത്തിന്റെ ഈ സ്നേഹം മനുഷ്യനായി അവതരിച്ച ഈശോമിശിഹായിലൂടെ മനുഷ്യകുലത്തിന് വെളിപ്പെടുത്തപ്പെടുകയും നല്കപ്പെടുകയും ചെയ്യുന്നു. ത്രിത്വൈകദൈവത്തിന്റെ ഈ പരസ്പരസ്വയംദാനത്തിൽ മനുഷ്യനെ പങ്കുചേർക്കുന്നത് പരിശുദ്ധാരൂപിയാണ്.

പരസ്പരം സ്നേഹിക്കുക എന്നതാണ് ദൈവൈക്യത്തിന്റെ മാനദണ്ഡം. കാരണം, സ്നേഹം ദൈവത്തിൽനിന്നുള്ളതാണ്. പരസ്പരസ്നേഹത്തിൽ നമ്മെ ബന്ധിപ്പിക്കുന്നത് ദൈവവുമായുള്ള നമ്മുടെ ഐക്യമാണ്. അരൂപിയിലൂടെ ദൈവത്തിന്റെ സ്നേഹത്തിൽ പങ്കുചേരുമ്പോൾ മാത്രമാണ് പരസ്പരം സ്നേഹിക്കുവാൻ നാം പ്രാപ്തരാകുന്നത്. അതുകൊണ്ടുതന്നെയാണ് പരസ്പരം സ്നേഹിക്കുക എന്നത് ദൈവവുമായുള്ള ഐക്യത്തിന്റെ അടയാളമാകുന്നത്.

ദൈവൈക്യത്തെ ഇവിടെ വീണ്ടും ദൈവത്തിൽനിന്നുള്ള ജനനമായും ദൈവത്തെ അറിയുന്ന അനുഭവമായും അവതരിപ്പിക്കുന്നു. യോഹന്നാന്റെ കാഴ്ചപ്പാടിൽ ദൈവത്തെ അറിയുക എന്നത് നിത്യജീവൻ സ്വന്തമാക്കുന്നതാണ്: "ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച ഈശോമിശിഹായെയും അറിയുക എന്നതാണ് നിത്യജീവൻ" (യോഹ 17:3).

ദൈവത്തിന്റെ സ്നേഹം പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള സ്നേഹത്തിൽ ഒതുങ്ങിനില്ക്കുന്നില്ല. പ്രത്യുത, അത് പുത്രനിലൂടെ മനുഷ്യർക്ക് വെളിപ്പെടുത്തപ്പെടുകയും പരിശുദ്ധാരൂപിയിലൂടെ നല്കപ്പെടുകയും ചെയ്തു: "തന്റെ ഏകപുത്രൻവഴി നാം ജീവിക്കേണ്ടതിനായി ദൈവം അവനെ ലോകത്തിലേയ്ക്ക് അയച്ചു. അങ്ങനെ ദൈവത്തിന്റെ സ്നേഹം നമ്മുടെയിടയിൽ വെളിപ്പെട്ടിരിക്കുന്നു" (4:9). തന്റെ സ്നേഹം നാമുമായി പങ്കുവച്ചുകൊണ്ടാണ് ദൈവം അവിടുത്തെ സ്നേഹം വെളിപ്പെടുത്തിയത്. ഈശോ ദൈവത്തെ വെളിപ്പെടുത്തിയത് പിതാവ് തനിക്കു നല്കിയ സ്നേഹം നമ്മിലും ഉണ്ടാകേണ്ടതിനാണ്: "അങ്ങയുടെ നാമം അവരെ ഞാൻ അറിയിച്ചു. അവിടുന്ന് എനിക്കു നല്കിയ സ്നേഹം അവരിൽ ഉണ്ടാകേണ്ടതിനും ഞാൻ അവരിൽ ആയിരിക്കേണ്ടതിനുമായി ഞാനിനിയും അത് അറിയിക്കും" (യോഹ 17:26).

ഈ സ്നേഹം മനുഷ്യർക്ക് വെളിപ്പെടുത്തപ്പെട്ടത് പ്രധാനമായും അവരുടെ പാപങ്ങൾക്കു പരിഹാരബലിയായി സമർപ്പിക്കപ്പെട്ട പുത്രന്റെ ജീവിതബലിയർപ്പണത്തിലൂടെയാണ് (4:10). 'ഇതിലാണ് സ്നേഹം' എന്ന് പറയുമ്പോൾ സ്നേഹമാകുന്ന ദൈവത്തിന്റെ അന്തഃസത്ത എന്തിലാണെന്ന് വ്യക്തമാക്കാൻ യോഹന്നാൻ ശ്രമിക്കുകയാണ്. ദൈവത്തിനു മനുഷ്യനോടും മനുഷ്യന് ദൈവത്തോടുമുള്ള വെറുമൊരു സ്നേഹബന്ധത്തിലൊതുങ്ങി നില്ക്കുന്നതല്ല ഈ സ്നേഹം. മറിച്ച്, മനുഷ്യരക്ഷയ്ക്കായി സ്വയം നല്കുന്ന ദൈവത്തിന്റെ അടിസ്ഥാനസവിശേഷതയാണിത്.

ദൈവം സ്നേഹമാണെന്ന വസ്തുത ഈശോമിശിഹായിലൂടെ വെളിപ്പെട്ടു എന്നതുകൊണ്ട് ദൈവം സ്നേഹമായത് വെളിപ്പെടുത്തലിലൂടെയാണ് എന്നർത്ഥമില്ല. മനുഷ്യാവതാരത്തിനുമുമ്പേ ദൈവം സ്നേഹമായിരുന്നു. ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ കൃപ - സ്നേഹം - മോശയിലൂടെ അപൂർണ്ണമായി വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ കൃപ അഥവാ സ്നേഹംതന്നെയാണ് (യോഹ 1:17). മാംസമായ വചനം സൃഷ്ടികർമ്മത്തിനുമുമ്പേ ദൈവത്തോടുകൂടിയായിരുന്ന വചനംതന്നെയാണ് (യോഹ 1:1–2,14). ദൈവത്തിന്റെ സ്നേഹത്തിന്റെ നിർണ്ണായകമായ വെളിപ്പെടുത്തലാണ് ഈശോമിശിഹായിൽ സംഭവിച്ചത്.

ഈ വെളിപ്പെടുത്തലിലുള്ള പുതുമ ദൈവം തന്റെ പ്രിയപ്പെട്ടവനും ഏകജാതനുമായ പുത്രനെ ബലിയായി നല്കി എന്നതിലാണ്. അബ്രാഹം തന്റെ ഏകപുത്രനായ ഇസഹാക്കിനെ ബലിയർപ്പിച്ചതുപോലെ (ഉൽപ 22) പിതാവായ ദൈവം തന്റെ പുത്രനായ മിശിഹായെ നമ്മുടെ പാപങ്ങൾക്കു പരിഹാരബലിയായി നല്കി (1 യോഹ 4:10). ഈശോമിശിഹായുടെ മനുഷ്യാവതാരം മാത്രമല്ല, അവിടുത്തെ കുരിശുമരണവും ജീവിതബലിയർപ്പണവും ഇവിടെ പ്രത്യേകം എടുത്തുകാണിക്കുന്നുണ്ട്: "മിശിഹാ സ്വന്തം ജീവൻ നമുക്കു വേണ്ടി പരിത്യജിച്ചു എന്നതിൽനിന്ന് സ്നേഹം എന്തെന്നു നാമറിയുന്നു" (1 യോഹ 3:16). ഈശോയുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും രക്ഷാകരമൂല്യത്തെ ചോദ്യം ചെയ്തിരുന്ന വ്യാജപ്രബോധകരുടെ സാന്നിദ്ധ്യത്തിൽ ഇതിന് ഏറെ പ്രസക്തിയുമുണ്ട്.

ദൈവസ്നേഹത്തിന്റെ അനന്തരഫലം (4:11–16): നമുക്കു വെളിപ്പെടുത്തപ്പെടുകയും നമ്മിൽ ചൊരിയപ്പെടുകയും ചെയ്ത ദൈവസ്നേഹം നമ്മിൽനിന്നാവശ്യപ്പെടുന്നത് പരസ്പരസ്നേഹമാണ്. ദൈവസ്നേഹം നമ്മുടെ ഹൃദയത്തിൽ ചൊരിയപ്പെടുമ്പോൾ ആ സ്നേഹം പങ്കുവയ്ക്കാൻ നാം നിർബന്ധിക്കപ്പെടും. ദൈവത്തിന്റെ സ്നേഹത്തിന് പ്രതിസ്നേഹം കൊടുക്കേണ്ട കടപ്പാട് നമുക്കുണ്ട്. പരസ്പരം സ്നേഹിച്ചുകൊണ്ടാണ് ഈ കടപ്പാട് നാം നിറവേറ്റേണ്ടത്. പരസ്പരസ്നേഹം ദൈവവുമായുള്ള സഹവാസത്തിലേക്ക് നമ്മെ നയിക്കും (4:12). പരസ്പരം സ്നേഹിച്ചാൽ ദൈവത്തിന്റെ സ്നേഹം നമ്മിൽ പൂർണ്ണമാകും എന്ന് യോഹന്നാൻ പറയുന്നു. അതായത്, ദൈവം തന്റെ സ്നേഹം വെളിപ്പെടുത്തിയതിന്റെ ലക്ഷ്യം പരസ്പരസ്നേഹത്തിലൂടെ നമ്മിൽ പൂർത്തിയാകും. തന്റെ സ്നേഹം വെളിപ്പെടുത്തുന്നതിൽ രക്ഷാകരമായ ഒരു ലക്ഷ്യമാണ് ദൈവത്തിനുണ്ടായിരുന്നത് - പാപത്തിന്റെ ഫലമായി ചിതറിപ്പോയ മനുഷ്യകുലത്തെ ദൈവമക്കൾക്കടുത്ത സ്നേഹത്തിൽ ഒന്നിപ്പിക്കുക. നാം പരസ്പരം സ്നേഹത്തിൽ ഒന്നായിത്തീരുമ്പോൾ ദൈവത്തിന്റെ രക്ഷാകര ലക്ഷ്യം പൂർത്തിയാകും.

വിശ്വാസവും പ്രവൃത്തിയും

(യാക്കോബ് 2:14–17)



അനുദിന ജീവിതത്തിൽ പ്രതിഫലിക്കാത്ത വിശ്വാസം ജീവനില്ലാത്തതാണ്. ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിനു വസ്ത്രമോ ഭക്ഷണമോ ഇല്ലാതെ കഴിയുമ്പോൾ ശരീരത്തിനാവശ്യമായതു നല്കാതെ എന്തു പുണ്യം പ്രസംഗിച്ചാലും ഫലമൊന്നുമില്ല. വിശ്വാസമുണ്ടെന്നു പറയുകയും പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവർക്കു മേന്മയൊന്നുമില്ല. ശരീരത്തിനു ജീവനെന്നതുപോലെയാണു വിശ്വാസത്തിനു പ്രവൃത്തി. ദരിദ്രരോടുള്ള പരിഗണനയാണ് വിശ്വാസത്തിന്റെ പ്രവൃത്തിയായി യാക്കോബ്ശ്ലീഹാ ചൂണ്ടിക്കാണിക്കുന്നത്. പ്രവൃത്തിരഹിതമായ വിശ്വാസത്തിന് ഒരുവനെ രക്ഷിക്കാനാവില്ല. മറിച്ച്, വിശ്വാസത്തിൽ നിന്നുയിർകൊള്ളുന്ന പ്രവൃത്തികളാണ് ഒരുവനെ രക്ഷയ്ക്കർഹനാക്കുന്നത് എന്ന് യാക്കോബ്ശ്ലീഹാ അബ്രാഹത്തിന്റെയും റാഹാബിന്റെയും ചരിത്രം അനുസ്മരിപ്പിച്ചുകൊണ്ട് സ്ഥിരീകരിക്കുന്നു (യാക്കോ 2:21-26). സ്വഭാവത്തെയും മനോഭാവങ്ങളെയും പ്രവർത്തനരീതികളെയും സ്വാധീനിക്കാത്ത വിശ്വാസം ആ പേരിനുതന്നെ യോഗ്യമല്ല. അത്തരത്തിലുള്ള വിശ്വാസം പിശാചുക്കൾക്കുപോലുമുണ്ടെന്നാണു യാക്കോബ്ശ്ലീഹായുടെ വാദം (യാക്കാ 2:19). ഈശോയുടെ ദൈവ

പുത്രത്വം ഏറ്റുപറയുന്ന പിശാചുബാധിതരെ നമ്മൾ സുവിശേഷത്തിൽ കണ്ടുമുട്ടുന്നുണ്ട ല്ലോ (മർക്കോ 2:11; 3:5; 5:7). അവിടുത്തെ സാന്നിദ്ധ്യത്തിൽ അവർ വിറയ്ക്കുന്നതും നമ്മൾ കാണുന്നുണ്ട്. പിശാചിന്റെ ഈ വിശ്വാസം പ്രവൃത്തിപഥത്തിലെത്തുന്നത ല്ലല്ലോ.

പിതാവായ അബ്രാഹം നീതീകരിക്ക പ്പെട്ടത് തന്റെ പുത്രനായ ഇസഹാക്കിനെ യാഗപീഠത്തിന്മേൽ ബലിയർപ്പിക്കാൻ തയ്യാ റായ പ്രവൃത്തിവഴിയാണ് (ഉല്പ 22:1-14). ഇപ്രകാരം പ്രവർത്തിക്കാൻ അബ്രാഹത്തെ ശക്തനാക്കിയത് അദ്ദേഹത്തിനു ദൈവത്തിലു ണ്ടായിരുന്ന വിശ്വാസമാണ്. തന്നെ തിരഞ്ഞെ ടുത്തു വിളിച്ച ദൈവം വിശ്വസ്തനാണെന്ന ഉറച്ചബോദ്ധ്യവും, തനിക്കുള്ളതെല്ലാം - ഏകപുത്രൻതന്നെയും - ദൈവത്തിന്റെ ദാനമാണെന്നും, ഇവയുടെമേൽ ദൈവത്തി നാണ് പരമാധികാരമെന്നുമുള്ള അംഗീകരിക്ക ലായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ കാതൽ. ദൈവത്തിന്റെ നിർദ്ദേശപ്രകാരം തന്റെ ഏകജാതനെപ്പോലും ദൈവത്തിനു ബലിയർപ്പിക്കാൻ അബ്രാഹത്തിനു വിഷമ മില്ലായിരുന്നു. ഇസഹാക്കിനെ ബലികഴിക്കാൻ പ്രദർശിപ്പിച്ച സന്നദ്ധതയിൽ പ്രകടമായ അനുസരണമായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസപ്രവൃത്തി. വിശ്വാസത്തിന്റെ പ്രകാശ നമായ ഈ അനുസരണപ്രവൃത്തിമൂലമാണ് ദൈവം അബ്രാഹത്തിൽ സംപ്രീതനായതും അദ്ദേഹത്തെ നീതിമാനായി പരിഗണിച്ച് അനുഗ്രഹിച്ചതും. വിശ്വാസം പ്രവൃത്തിപഥ ത്തിലെത്തിച്ചതുവഴി അബ്രാഹം ദൈവ ത്തിന്റെ സ്നേഹിതനായി തീർന്നു. ഈ ചരിത്രസംഭവത്തിൽ നിന്നുള്ള ഗുണപാഠ മെന്നോണം യാക്കോബ്ശ്ലീഹാ എഴുതുന്നു: "മനുഷ്യൻ വിശ്വാസംകൊണ്ടു മാത്രമല്ല, പ്രവൃ ത്തികളാലുമാണ് നീതീകരിക്കപ്പെടുന്നതെന്നു നിങ്ങൾ അറിയുന്നു" (യാക്കോ 2:24).

ജോഷ്വയുടെ പുസ്തകം രണ്ടാമദ്ധ്യായ ത്തിലെ റാഹാബിനെയാണ് പ്രവൃത്തിവഴി നീതീകരിക്കപ്പെട്ട മറ്റൊരുദാഹരണമായി യാക്കോബ്ശ്ലീഹാ എടുത്തുകാണിക്കുന്നത്. കാനാൻദേശം കീഴടക്കുന്നതിനൊരുക്കമായി രഹസ്യത്തിൽ നാടുനിരീക്ഷിക്കാനായി അയ യ്ക്കപ്പെട്ട ഇസ്രായേൽ ചാരന്മാരെ വേശ്യയായ റാഹാബ് സംരക്ഷിക്കുകയും രക്ഷപ്പെടുത്തു കയും ചെയ്തു (യാക്കോ 2:24-25). ഇസ്രായേലിന്റെ ദൈവമായ കർത്താവിലുള്ള വിശ്വാസത്തിന്റെ ഭാഗമായി ഇസ്രായേൽക്കാരെ സഹായിച്ച പ്രവൃത്തിവഴി അവൾ നീതീകരി ക്കപ്പെട്ടു എന്നതു പരമ്പരാഗത വിശ്വാസമാണ് (ഹെബ്രാ 11:31).

നീതീകരണത്തെക്കുറിച്ചുള്ള പൗലോസ് ശ്ലീഹായുടെ പ്രബോധനം യാക്കോബ്ശ്ലീഹാ യുടേതിനോടു ചേർന്നു പോകുന്നില്ല എന്നു പ്രഥമദൃഷ്ട്യാ തോന്നിയേക്കാം. പക്ഷേ, അടുത്തു മനസ്സിലാക്കുമ്പോൾ ഇരുവരുടെയും ആശയഗതികൾ തമ്മിൽ പൊരുത്തക്കേടില്ല എന്നു വ്യക്തമാകും.

റോമായിലെ സഭാംഗങ്ങൾക്ക് വി. പൗലോ സ് ഇപ്രകാരം എഴുതുന്നു: "അബ്രാഹം പ്രവൃത്തികളാലാണു നീതീകരിക്കപ്പെട്ടതെ ങ്കിൽ അവന് അഭിമാനിക്കാൻ വകയുണ്ട്. ദൈവസന്നിധിയിലല്ലെന്നു മാത്രം" (റോമാ 4:2). പ്രവൃത്തികൾകൊണ്ടു മാത്രം ദൈവ സന്നിധിയിൽ നീതീകരിക്കപ്പെടുന്നതിനു സാധ്യതയില്ലെന്നു സാരം. ഇവിടെ പൗലോസ് ശ്ലീഹാ വിവക്ഷിക്കുന്ന പ്രവൃത്തി യാക്കോബ് ശ്ലീഹാ ഉദ്ദേശിക്കുന്നതിൽനിന്നു വ്യത്യസ്ത മാണ്. വി. പൗലോസ് പരിച്ഛേദനം പോലുള്ള നിയമത്തിന്റെ പ്രവൃത്തികളെ മനസ്സിൽ കാണുമ്പോൾ, വി. യാക്കോബ് വിശ്വാസ ത്തിന്റെ ബഹിർസ്ഫുരണങ്ങളായ പ്രവൃത്തി കളെ ഉദ്ദേശിക്കുന്നു. ഈ പ്രസ്താവനകളുടെ സന്ദർഭങ്ങൾ ഈ വ്യത്യാസം മനസ്സിലാക്കാ ൻ സഹായിക്കും.

ദൈവഹിതത്തിന്റെ പ്രകാശനമായ നിയമ ങ്ങൾ നേരിട്ടു ലഭിച്ച സമൂഹമെന്ന നിലയിൽ അഭിമാനിച്ചിരുന്നവരാണ് യഹൂദർ. പരിച്ഛേ ദനം സ്വീകരിച്ചാൽ നിയമംമുഴുവൻ സ്വീകരി ച്ചതിനു തുല്യമായി അവർ കരുതിയിരുന്നു. ഈ ധാരണയാണു പൗലോസ്ശ്ലീഹാ തിരു ത്തുന്നത്. "നീ നിയമം അനുസരിക്കുന്ന വനാണെങ്കിൽ പരിച്ഛേദനം അർത്ഥവത്താണ്. നിയമം ലംഘിക്കുന്നവനാണെങ്കിലോ നിന്റെ പരിച്ഛേദനം പരിച്ഛേദനമല്ലാതായിത്തീരുന്നു" (റോമാ 2:25). നിയമമനുസരിച്ചു ജീവിക്കാതെ പരിച്ഛേദനം എന്ന പ്രവൃത്തികൊണ്ടു മാത്രം ആരും ദൈവതിരുമുമ്പിൽ സ്വീകാര്യരാ വില്ലെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. "ശാരീരിക മായി പരിച്ഛേദനം നടത്താതെ തന്നെ നിയമം അനുസരിക്കുന്നവർ, നിയമവും പരിച്ഛേദനവും ഉണ്ടായിട്ടും നിയമം ലംഘിക്കുന്ന നിന്നെ കുറ്റം വിധിക്കും. എന്തെന്നാൽ, ബാഹ്യമായി യഹൂദനായിരിക്കുന്നവനല്ല, യഥാർത്ഥ

യഹൂദൻ. യഥാർത്ഥ പരിച്ഛേദനം ബാഹ്യമോ ശാരീരികമോ അല്ല. ആന്തരികമായി യഹൂദനായിരിക്കുന്നവനാണ് യഥാർത്ഥ യഹൂദൻ. ഹൃദയത്തിൽ നടക്കുന്ന പരിച്ഛേദനമാണ് യഥാർത്ഥ പരിച്ഛേദനം" (റോമാ 2:27-29). നിയമമനുസരിച്ചുള്ള ജീവിതമാണ്, പരിച്ഛേദനമെന്ന പ്രവൃത്തിയല്ല ഒരുവനെ യഥാർത്ഥ ദൈവഭക്തനാക്കുന്നത് എന്നു പൗലോസ് ശ്ലീഹാ സമാപിക്കുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ നിയമമനുസരിച്ചുള്ള ജീവിതമാകട്ടെ, ദൈവപുത്രനായ ഈശോമിശിഹായിൽ വിശ്വസിക്കുന്നതുമാണ്. "പ്രവൃത്തികൾ കൂടാതെ തന്നെ പാപിയെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവന്റെ വിശ്വാസം നീതിയായി പരിഗണിക്കപ്പെടുന്നു" (റോമാ 4:5). പരിച്ഛേദനമെന്ന പ്രവൃത്തി ഇല്ലെങ്കിലും ഈശോ ദൈവപുത്രനും മിശിഹായുമാണെന്നു വിശ്വസിക്കുകവഴി ഒരുവൻ നീതീകരിക്കപ്പെടുന്നു എന്നു ചുരുക്കം; പരിച്ഛേദനം സ്വീകരിക്കുന്നതിനു മുമ്പുതന്നെ വിശ്വാസത്താൽ നീതീകരിക്കപ്പെട്ട അബ്രാഹത്തെപ്പോലെ (റോമാ 4:6-12). "വാഗ്ദാനം നിറവേറ്റാൻ ദൈവത്തിനു കഴിയുമെന്ന് അവനു പൂർണബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് അവന്റെ വിശ്വാസം അവനു നീതിയായി പരിഗണിക്കപ്പെട്ടത്" (റോമാ 4:21-22). ഈശോമിശിഹായിൽ സ്വയം വെളിപ്പെടുത്തിയ ദൈവത്തിലുള്ള വിശ്വാസമാണ് ക്രൈസ്തവന്റെ നീതീകരണത്തിനടിസ്ഥാനം. ഈശോ പ്രഘോഷിച്ചതും തന്റെ സഹനമരണോത്ഥാനങ്ങളിലൂടെ പൂർണമായി വെളിപ്പെടുത്തിയതുമായ ദൈവകൃപയ്ക്കുള്ള വ്യക്തിപരമായ മറുപടിയാണ് ഈ വിശ്വാസം.

ദൈവപുത്രനായ ഈശോമിശിഹായിലുള്ള ഈ വിശ്വാസം പ്രവൃത്തികളിൽ പ്രതിഫലിക്കണം എന്നാണു യാക്കോബ്ശ്ലീഹാ നിർദ്ദേശിക്കുന്നത്. പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജീവമാണെന്നു പറയുമ്പോൾ അദ്ദേഹം ഉദ്ദേശിക്കുന്നതിതാണ്. ചുരുക്കത്തിൽ വി. പൗലോസിന്റെയും വി. യാക്കോബിൻെയും പ്രബോധനങ്ങൾ പരസ്പര വിരുദ്ധങ്ങളല്ല; മറിച്ച്, പരസ്പര പൂരകങ്ങളാണ്.